**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **11-06-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷനിലെ കേന്ദ്ര വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യക്ഷേമ പെൻഷനിലെ കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതിനാൽ പ്രസ്തുത വിഹിതം കൂടി സംസ്ഥാന സർക്കാർ മുൻകൂറായി വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷനിലെ കേന്ദ്ര വിഹിതം സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി അനുവദിച്ചു വരികയാണ്.<br><br>2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം, 2022-23സാമ്പത്തിക വർഷം, 2023-24 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്ര വിഹിതം ലഭിച്ചിരുന്നില്ല. എന്നാൽ സംസ്ഥാന സർക്കാർ ടി കേന്ദ്ര വിഹിതം മുൻകൂറായി വിതരണം ചെയ്തിട്ടുണ്ട്. ഇങ്ങനെ സംസ്ഥാന സർക്കാർ മുൻകൂറായി വിതരണം ചെയ്ത കേന്ദ്ര വിഹിതം ലഭിക്കുന്നതിനായി 23.03.2021, 2.09.2021, 11.01.2022, 10.05.2023, 25.09.2023 എന്നീ തീയതികളിൽ കേന്ദ്ര സർക്കാരിലേയ്ക്ക് വിനിയോഗ സാക്ഷ്യപത്രവും, പ്രൊപ്പോസലുകളും അയക്കുകയുണ്ടായി. കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയയവുമായി നിരവധി ചർച്ചകൾ നടത്തുകയുണ്ടായി.<br><br>846486 പേർക്ക് മാത്രം ലഭിക്കുന്ന നാമമാത്രമായ കേന്ദ്ര വിഹിതം കേന്ദ്ര സർക്കാർ നേരിട്ടാണ് വിതരണം ചെയ്യുന്നത്. എന്നാൽ കേന്ദ്രവിഹിതം യഥാസമയം ലഭിക്കാത്തതിനാൽ |

| | | | |
|---|---|---|---|
| | | | പെൻഷൻ മുടങ്ങാതിരിക്കാൻ ടി വിഹിതം കൂടി സംസ്ഥാന സർക്കാർ അഡ്വാൻസ് ആയി കേന്ദ്രവിഹിതം എന്ന നിലയിൽ ഗുണഭോക്താവിന് നൽകുന്ന രീതിയാണ് നിലവിലുള്ളത്. എന്നാൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നാമമാത്രമായ ആ വിഹിതം കൃത്യമായി പെൻഷൻകാർക്ക് ലഭിക്കാത്തത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി വിഷയം നിരവധി തവണ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേന്ദ്ര വിഹിതം തക്കസമയത്ത് ലഭിക്കാതിരുന്നതുമൂലം പെൻഷൻ വിതരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. നിലവിൽ കേന്ദ്രവിഹിതം യഥാസമയം ലഭിക്കാത്തതു മൂലം ആയത് കണ്ടെത്തുന്നതിനുള്ള അധിക ബാധ്യതയും സംസ്ഥാന സർക്കാരിനാണ്. സംസ്ഥാന വിഹിതം അനുവദിക്കുന്നതോടൊപ്പം തന്നെ കേന്ദ്രവിഹിതവും സംസ്ഥാന സർക്കാർ അനുവദിച്ച് വിതരണം നടത്തി വരുന്നു. |
| (സി) | സാമൂഹ്യക്ഷേമ പെൻഷൻ തുകയിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. കേന്ദ്ര വിഹിതത്തിന്റെ വിശദാംശങ്ങൾ അനുബന്ധം-1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ഡി) | കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം ഇടപെടലാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ? | (ഡി) | 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിന്റെ വിനിയോഗ സാക്ഷ്യപത്രവും, 2023-24-ലെ ബാക്കി 3 ഗഡു അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകളും 04.12.2023-ന് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 09.01.2024-ൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ റിവ്യൂ മീറ്റിംഗിൽ ലഭ്യമായ കത്തിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം (രൂപ) | പ്രതിമാസ കേന്ദ്ര വിഹിതം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 60 മുതൽ 79 വയസ്സു വരെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ മുതൽ ) | 1300 | 300 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സും അതിനു മുകളിലും | 1300 | 300 | 1600 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | 0 | 1600 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിത പെൻഷൻ | | 1600 | 0 | 1600 |